## വൈദ്യസഹായം.

365. MR. T. T. KESAVAN SASTRI (*Kunnathunad I—Pulaya*): കന്നത്തുനാട്ട താലൂക്കിൽചേന്ന, പെരിയാറിന്റെ വടക്കേക്കരയ്ക്ക് യാതൊരു ഗവണ്മെന്റ് വൈദ്യസഹായങ്ങളുമില്ലാതെ സ്ഥലവാസികൾ സങ്കടപ്പെടുന്ന വിവരവും, ഒരു ഡിസ്പെൻസറി സ്ഥാപിച്ചു സഹായിക്കേണ്ട വിവരവും പൊതുജനങ്ങൾ ചേന്ന ഗവണ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ഗവണ്മെന്റിൽ നിന്നും അതിന് എന്തു നടപടികൾ നടത്തിയെന്നും പറയുവാൻ ദയവുണ്ടാകുമോ ?

HON'BLE MR. G. RAMACHANDRAN : ഉണ്ട്. അതു ഗവണ്മെന്റിന്റെ പര്യാലോചനയിലിരിക്കുകയാണ്.

## കട്ടനാട്ട കുളള പ്പൊക്കം.

366. MR. T. T. KESAVAN SASTRI : കട്ടനാട്ട് ചേന്ന കൈനകരി, പുളിംകുന്ന്, താമൻകരി, വെളിയനാട്, മുതലായ സ്ഥലങ്ങളിലേ വെള്ളപ്പൊക്കം നിമിത്തം വീടുകൾ ഒഴുകിപ്പോയും, താമസസൗകര്യങ്ങൾ നഷ്ടപ്പെട്ടും സങ്കടപ്പെട്ട കൂലിവേലത്തൊഴിലാളികളുടെ സങ്കടം ഗവണ്മെന്റ് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ എന്നും, ഗവണ്മെന്റിൽ നിന്നും ഇവർക്ക എതെങ്കിലും സഹായങ്ങൾ നൽകിയിട്ടുണ്ടോ എന്നും പറയുവാൻ ദയവുണ്ടാകുമോ. ?

HON'BLE. MR. A. THANU PILLAI : Government have not received any reports regarding the matter as far as the present season is concerned.

## കമ്പൗണ്ടിംഗ് ക്ലാസ്.

367. MR. T. T KESAVAN SASTRI : മെഡിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ചുമതലയിൽ പുതിയതായി തുടങ്ങിച്ചിട്ടുള്ള കമ്പൗണ്ടിംഗ് ക്ലാസിൽ പ്രവേശനം അനുവദിച്ചിട്ടുള്ള അദ്ധ്യേതാക്കളുടെ ജാതിതിരിച്ചുള്ള പട്ടിക എങ്ങനെയെന്നു പറയാൻ ദയവുണ്ടാകുമോ?

HON'BLE. MR. G. RAMACHANDRAN : പ്രവേശനം അനുവദിച്ചിട്ടുള്ള അദ്ധ്യേതാക്കളുടെ ജാതിതിരിച്ചുള്ള പട്ടിക മേശപ്പുറത്തു വച്ചിട്ടുണ്ട്.

| *Hindu* | | *Christian* | |
|---|---|---|---|
| Brahmin | I | Syrian Catholic | 2 |
| Nadar | 1 | Latin Catholic | 2 |

LIBRARY ARCHIVES Kerala Legislative Assembly

| | | | |
|---|---|---|---|
| Ezhava | 4 | Jacobite | 2 |
| Nair | 6 | S I. U. C. | 4 |
| Vellala | 1 | Marthomite | 2 |
| Pulaya | 1 | Muslim | 1 |
| Other Hindus | 3 | | 30 |

വിമുക്തഭടന്മാരുടെ നിയമനം.

368. MR. T. T. KESAVAN SASTRI : വാർസർവീസുകാരായ എത്ര അപേക്ഷകർക്കു ഇതേവരെ ഗവണ്മെൻറു സർവീസിൽ ജോലികൊടുത്തിട്ടുണ്ടെന്നും, അവർ യഥാക്രമം ഏതെല്ലാം ജാതിക്കാരാണെന്നും, ഏതെല്ലാം ജോലികളിലാണിവരെ നിയമിച്ചിട്ടുള്ളതെന്നും പറയാൻ ദയവുണ്ടാകുമോ?

HON'BLE. MR. C. KESAVAN : ഫെബ്രുവരി ജൺമാസംവരെ ഗവണ്മെൻറുസർവ്വീസിൽ റിക്രൂട്ടുചെയ്ത വിമുക്തഭടന്മാരുടെ എണ്ണം 8 ഫെബ്രുവരി ആണ്. ഈ നിയമനങ്ങളുടെ ജാതിതിരിച്ചുള്ള പട്ടിക തയാറാക്കിയിട്ടില്ല. അവയുടെ പൂർണ്ണവിവരങ്ങൾ മാസാമാസം ഗസറ്റിൽ പരസ്യപ്പെടുത്തുന്നുണ്ട്. അതിൽനിന്ന് അറിയാൻ കഴിയുന്നതാണ്.

MR. T. T. KESAVAN SASTRI : അങ്ങനെ നിയമിച്ചിട്ടുള്ളവർ സ്ത്രീകൾഎത്ര, പുരുഷന്മാരെത്ര എന്നു പറയുമോ?

HON'BLE. MR. C. KESAVAN : നോട്ടീസുവേണം.

MR. T. T. KESAVAN SASTRI : നിയമിച്ചിട്ടുള്ളവരുടെ ലിസ്റ്റാണോ ഗസറ്റിൽ പരസ്യംചെയ്തിട്ടുണ്ടെന്നു പറഞ്ഞതു്, അതോ നിയമിക്കാൻ പോകുന്നവരുടെ ലിസ്റ്റാണോ?

HON'BLE. MR. C. KESAVAN: നിയമിച്ചിട്ടുള്ളവരുടെ ലിസ്റ്റാണു.

MR. K. A. MUHAMMED (*Quilon IV—Muslim*) : ഇപ്പോൾ നടക്കുന്ന നിയമനങ്ങളിൽ എത്ര ശതമാനമാണു വിമുക്തഭടന്മാർക്കു കൊടുക്കുന്നതു്?

HON'BLE MR. C. KESAVAN : കുറേക്കാലത്തേക്കു് വിമുക്തഭടന്മാർക്കു തന്നെ ഉദ്യോഗങ്ങൾ കൊടുത്തിരുന്നു. അടുത്തകാലത്തു് അതിനു മാറ്റംവരുത്തി, സമുദായങ്ങളോടൊപ്പം റൊട്ടേഷൻ അനുസരിച്ചു് അവരെക്കൂടി നിയമിക്കുന്നതിനുള്ള വ്യവസ്ഥ ചെയ്തിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly